(b) the names of Municipalities that have implemented the recommendations ; and

(c) the names of Municipalities and reasons for each for the delay in implementing the Pay Commission recommendations after they have passed resolutions to implement the same ?

Minister for Local Self Government (SHRI K KOCHUKUTTAN)

(a) Government are not aware whether any Municipality has passed resolution to implement the recommendation of the Pay Commission to the Municipal employees.

(b) Nil.

(c) Does not arise in view of answer to (a).

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന പുനഃസംഘടനാകമ്മിഷന്റെ റിപ്പോർട്ടിൻമേലുള്ള തീരുമാനം.

* 212. [7] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കമ്മിഷന്റെ റിപ്പോർട്ടിന്മേൽ ഇൻഡ്യാ ഗവണ്മെന്റ് എന്തു തീരുമാനമാണ് സ്വീകരിച്ചിരിക്കുന്നത് എന്നുള്ള വിവരം ഈ ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണ് ;

(ബി) കേരളസംസ്ഥാനത്തിനു ലഭിക്കേണ്ട ചെങ്കോട്ട താലൂക്കിന്റെ ഭാഗങ്ങൾ അളന്നു തിട്ടപ്പെടുത്തുന്നതിനു കേന്ദ്രഗവണ്മെന്റ് ഒരു സർവ്വേപാർട്ടിയെ നിയോഗിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 16-1-56-ലെ ഇൻഡ്യാഗവണ്മെന്റ് പ്രസ്സ് കമ്മുണിക്കേയുടെ ഒരു പ്രതി ഈ ഗവണ്മെന്റിനു് അയച്ചിട്ടുണ്ടു്.

(ബി) ചെങ്കോട്ടതാലൂക്കിൽ സഹ്യാദ്രിയുടെ പടിഞ്ഞാറുഭാഗത്തുള്ള പ്രദേശങ്ങൾ നിർദ്ദിഷ്ട കേരളസംസ്ഥാനത്തിൽ ഉൾപ്പെടുത്തുവാനാണ് തീരുമാനം.

(സി) ഇല്ല.

രണ്ടാം പഞ്ചവത്സരപദ്ധതി.

* 213. [8] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ പദ്ധതി പഞ്ചവത്സരപദ്ധതിയായി വ്യാകസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിട്ടുപോയതും, ആവശ്യമുള്ളതുമായ പദ്ധതികൾ നമ്മുടെ സംസ്ഥാനത്തേക്ക് അനുവദിപ്പിക്കുന്നതിലേക്ക് നാഷണൽ പ്ലാനിംഗ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അറിവില്ല.

(ബി) 'എ' യുടെ ഉത്തരത്തിൽനിന്നും ഇതു് ഉദിക്കുന്നില്ല.

താലൂക്കുകൾ പുനഃസംഘടനാകമ്മിറ്റി.

* 214. [10] ശ്രീ. കെ. കുഞ്ഞപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ താലൂക്കുകൾ പുനഃസംഘടിപ്പിക്കുവാൻ നിയുക്തമായിട്ടുള്ള കമ്മിറ്റി ഇതിനകം അവരുടെ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞോ ;

(ബി) കഴിഞ്ഞെങ്കിൽ അതിന്റെ ഒരു പ്രതി മേശപ്പുറത്തു വയ്ക്കുമോ ;

(സി) പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിക്കുകയോ നടപടികൾ കൈക്കൊള്ളുകയോ ചെയ്യുന്നതിനു മുമ്പു പ്രസ്തുത റിപ്പോർട്ട് ഈ സഭയുടെ ചർച്ചയ്ക്കു വിഷയമാക്കുവാൻ ഗവണ്മെന്റ് തയ്യാറാവുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) സമർപ്പിച്ചുകഴിഞ്ഞു.

(ബി) റിപ്പോർട്ട് ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നതിനാൽ അതിലെ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിവൃത്തിയില്ല.

(സി) ഇല്ല.

തിരുവനന്തപുരം സ്റ്റാമ്പ് മാനുഫാക്ചറി.

* 215. [11] ശ്രീ. പി. വിശ്വംഭരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സ്റ്റാമ്പ് മാനുഫാക്ചറി ഏതു് ഡിപ്പാർട്ട്മെന്റിന്റെ കീഴിലാണു് ?

(ബി) അവിടത്തെ താഴ്ന്നതരം ഉദ്യോഗസ്ഥന്മാർക്ക് അവരെപ്പോലുള്ള മറ്റുദ്യോഗസ്ഥന്മാർക്ക് അനുവദിച്ച നിരക്കിൽ ശമ്പളപരിഷ്കരം അനുവദിക്കാത്തതിന്റെ കാരണമെന്തു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഫിനാൻസ് ഡിപ്പാർട്ട്മെന്റ്.

(ബി) അവിടത്തെ താഴ്ന്നതരം ഉദ്യോഗസ്ഥന്മാർക്ക് ന്യായമായ ശമ്പളം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly